A

812

# സമഗ്ര ശിക്ഷാ കേരളം
# അർദ്ധവാർഷിക മൂല്യനിർണയം 2023-24

ക്ലാസ് : 8 | **മലയാളം** | സമയം : 1½ മണിക്കൂർ

**അടിസ്ഥാനപാഠാവലി** | സ്കോർ : 40

**നിർദേശങ്ങൾ**

- 15 മിനിറ്റ് സമാശ്വാസസമയമാണ്.
- ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതണം.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 5 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക. 1 സ്കോർ വീതം.**

**(4 x 1 = 4)**

1. "രണ്ടു മത്സ്യങ്ങളേ, ബുദ്ധന്റെ സ്പർശനമേറ്റ് ഞാൻ ചിരഞ്ജീവിയായി"– ചിരഞ്ജീവിയായത്?
   - അഴകൻ
   - മണ്ണൻ മുതല
   - തവള
   - പച്ചപ്പനങ്കിളി

2. "പട്ടു കിട്ടുമ്പൊഴും സന്തോഷമില്ലവ-
   നൊട്ടും; പണംകൂടെ മുമ്പേ നിനയ്ക്കയാൽ."
   
   ഈ വരികളിൽ പ്രകടമാകുന്ന മനുഷ്യസ്വഭാവം?
   - ആർത്തി
   - ദേഷ്യം
   - അസൂയ
   - നിരാശ

3. മാതൃകപോലെ എഴുതുക.
   
   വന്ന കുട്ടി - കുട്ടി വന്നു
   
   കണ്ട കാഴ്ച -

4. "പാടുപെട്ടു ജോലിചെയ്യാതെ നീ എടുത്താൽ... മാമ്പഴം ഉടൻ കല്ല്"
   
   ഈ സന്ദർഭത്തിന് യോജിക്കുന്ന പഴഞ്ചൊല്ല് ഏത്?
   - ഐകമത്യം മഹാബലം
   - വിത്തുഗുണം പത്തുഗുണം
   - മിന്നുന്നതെല്ലാം പൊന്നല്ല
   - എല്ലുമുറിയെ പണിയെടുത്താൽ പല്ലുമുറിയെ തിന്നാം

(മറുപുറം)

5 ശരിയായ പദച്ചേരുവ ഏത്?

- രഹസ്യമറിയണം - രഹസ്യ, മറിയണം
- വെട്ടിക്കളഞ്ഞു - വെട്ടി, കളഞ്ഞു
- കത്തിയെരിഞ്ഞു - കത്തി, യെരിഞ്ഞു
- അരിക്കൂട്ടം - അരി, ക്കൂട്ടം

**6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(2 x 2 = 4)**

6. "പുസ്തകസഞ്ചിയിൽക്കൊച്ചുനെല്ലിക്കയും
പച്ചപ്പുളിയുമൊളിച്ച കാലം"

(പുതുവർഷം)

ഇവിടെ സൂചിപ്പിക്കുന്ന കാലത്തിൻെറ രണ്ടു പ്രത്യേകത കുറിക്കുക.

7. **അർഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കുക.**

പെട്ടെന്ന് മാവിന്റെ ചുവട്ടിൽ വലിയ ശബ്ദം കേൾക്കുന്നു. കുട്ടികളെല്ലാം ശിഖരങ്ങളിൽനിന്ന് താഴെ വീണുപോയി.

8. ''നമ്മൾ മീനുകൾക്ക് നാലുചുറ്റിലും കണ്ണുവേണം. ഒരിക്കലും എടുത്തുചാടരുത്.''

(രണ്ടു മത്സ്യങ്ങൾ)

അഴകന്റെ ഈ വാക്കുകളുടെ പൊരുളെന്ത്?

**9 മുതൽ 14 വരെ ചോദ്യങ്ങളിൽ 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(5 x 4 = 20)**

9.
- ''എല്ലുകൾ ഉന്തിനിൽക്കുന്ന ആ ശരീരവും വളഞ്ഞ നട്ടെല്ലും ഒട്ടിയ കവിളും കുഴിഞ്ഞ കണ്ണും അർധനഗ്നമായ ശരീരവും ഒറ്റനോട്ടത്തിൽത്തന്നെ അയാളെ ഒരു കൃഷിക്കാരനെന്ന് വിളിച്ചുപറയും.''
- ''അയാളുടെ കാലടികൾ ഇടറുന്നുണ്ടായിരുന്നു. കൈ വിറയ്ക്കുന്നുണ്ടായിരുന്നു. കണ്ഠം ഉണങ്ങിക്കഴിഞ്ഞു. ഹൃദയത്തിൽനിന്ന് ആരോ നടത്തുന്ന വാഴവെട്ടിന്റെ മാറ്റൊലികളും.''

(ആ വാഴവെട്ട്)

സന്ദർഭങ്ങൾ വിശകലനം ചെയ്ത് മർക്കോസുചേട്ടന് മണ്ണിനോടും കൃഷിയോടുമുള്ള സ്നേഹത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

(മറുപുറം)

10. ‘‘കിട്ടിയതൊന്നും മതിയല്ല പിന്നെയും
കിട്ടിയാലും മതിയല്ല ദുരാഗ്രഹം”
(കിട്ടും പണമെങ്കിലിപ്പോൾ)
‘‘പത്തുകിട്ടുകിൽ നൂറു മതിയെന്നും
ശതമാകിൽ സഹസ്രം മതിയെന്നും”
(ജ്ഞാനപ്പാന)
വരികൾ താരതമ്യം ചെയ്ത് കുറിപ്പു തയ്യാറാക്കുക.

11. • “മണ്ണിൽ എവിടെയെങ്കിലുമുണ്ടാവും, ജീവനെ കുളിരണിയിക്കാൻ നിറയെ വെള്ളമുള്ള ഒരിടം.”
• “കിളിമകളോട് യാത്രപറഞ്ഞ് വെള്ളം വറ്റിത്തുടങ്ങിയ പാറയളുക്കുകൾക്കിടയിലൂടെ അവർ യാത്ര തുടങ്ങി.”
അഴകൻെറയും പൂവാലിയുടെയും പ്രതീക്ഷയാണോ സന്ദർഭങ്ങളിൽ തെളിയുന്നത്? നിങ്ങളുടെ അഭിപ്രായം കുറിക്കുക.

12. “ഇനി മാമ്പഴം
ഇതു തേൻകനി
വിയർപ്പിൻ കനി...!” (തേൻകനി)

തേൻകനിയെ ‘വിയർപ്പിൻ കനി’ എന്ന് വിശേഷിപ്പിച്ചതിന്റെ പൊരുൾ വിശകലനം ചെയ്ത് കുറിപ്പു തയ്യാറാക്കുക.

13. “പട്ടുകിട്ടുമ്പോഴും സന്തോഷമില്ലവ-
നൊട്ടും;പണംകൂടെ മുമ്പേ നിനയ്ക്കയാൽ.
വീരവാളിച്ചേല കിട്ടിയെന്നാകിലോ
പോരാ തരിവള കിട്ടുവാനാഗ്രഹം”
(കിട്ടും പണമെങ്കിലിപ്പോൾ)
കുറിക്കുകൊള്ളുന്ന സാമൂഹികവിമർശനമാണോ ഈ വരികളിൽ ആവിഷ്ക്കരിച്ചിട്ടുള്ളത്? വിശകലനം ചെയ്ത് പ്രതികരണക്കുറിപ്പു തയ്യാറാക്കുക.

14. ഭദ്രൻ : “ഈ ഔഷധച്ചെടിക്കു ചുറ്റും കൂർത്തമുനയുള്ള മുള്ളുകൾ... ഞാൻ അതിനു മീതെ ചാടി... ഉരുണ്ടു വീണു...”
വനഗായകൻ : “മിടുക്കൻ...കൂട്ടുകാർക്കുവേണ്ടിയല്ലേ, കൊള്ളാം.”
ഭദ്രൻ : “അതേ... ഈ രക്തം പൊടിഞ്ഞ വേദനപോലും ഞാൻ അറിഞ്ഞില്ല....”
കൂട്ടുകാർക്കുവേണ്ടി എന്തുവേദനയും സഹിക്കാൻ തയ്യാറാകുന്ന ഭദ്രനെയാണ് ഇവിടെ കാണുന്നത്. സൗഹൃദത്തിന്റെ സ്വാധീനം ഭദ്രനിലുണ്ടാക്കിയമാറ്റത്തെക്കുറിച്ച് കുറിപ്പു തയ്യാറാക്കുക.

(മറുപുറം)

**15 മുതൽ 17 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 സ്കോർ വീതം.** **(2 x 6 = 12)**

15. "വെട്ടിയ കുറ്റിമേൽ ചാഞ്ഞിരുന്നാർദ്രമായ്
ഒറ്റച്ചിറകിന്റെ താളമോടെ
ഒരു പാട്ടു വീണ്ടും തെളിഞ്ഞു പാടുന്നിതാ
ചിറകൊടിഞ്ഞുള്ളൊരിക്കാട്ടുപക്ഷി!..."

(ഒരു പാട്ടു പിന്നെയും)

- "പുഴയുടെ ചോരകക്കിയ ജഡംപോലെ അവിടവിടെ കലക്കുവെള്ളം തങ്ങിനിന്നിരുന്നു."
- "കാടായി നിറഞ്ഞുനിന്നിരുന്ന കാവിന്റെ ഓർമ്മപോലെ നാലഞ്ചു മരങ്ങൾ മാത്രം."

(രണ്ടു മത്സ്യങ്ങൾ)

മുകളിൽ കൊടുത്തിരിക്കുന്ന കാവ്യഭാഗവും പാഠസന്ദർഭങ്ങളും വിശകലനം ചെയ്ത് 'പരിസ്ഥിതിസംരക്ഷണവും വിദ്യാർഥികളും' എന്ന വിഷയത്തിൽ പ്രസംഗം തയ്യാറാക്കുക.

16. 
- "ഞാൻ കയറിപ്പറിച്ചാൽ എനിക്കേ പഴം കിട്ടൂ. നിങ്ങളെടുക്കുമ്പോൾ അതു കല്ലായിത്തീരും."
- "വേല ചെയ്യണം... വിയർക്കണം..."
- "അമ്മ വഴക്കു പറയാതെ, അച്ഛൻ പിണങ്ങാതെ, അമ്മൂമ്മ കോപിക്കാതെ ഞാൻ എല്ലാവരുടെയും വീട്ടുപടിക്കൽവരെ കൊണ്ടാക്കാം..."

(തേൻകനി)

സന്ദർഭങ്ങളും നാടകവും പരിഗണിച്ച് 'വനഗായകൻ' എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

17. 
- "കിട്ടും പണമെങ്കിലിപ്പോൾ മനുഷ്യർക്കു
ദുഷ്ടത കാട്ടുവാനൊട്ടും മടിയില്ല"
- "പാരിലോരോ ജനം ദ്രവ്യമുണ്ടാക്കുവാൻ
ഓരോരോ വിദ്യകൾ കാട്ടുന്നു സന്തതം"

(കിട്ടും പണമെങ്കിലിപ്പോൾ)

ആഡംബരജീവിതം സ്വപ്നംകണ്ട് ജീവിതം ദുരിതപൂർണമാക്കുന്നവർ ഇന്നു കൂടിവരികയാണോ? പ്രസ്താവനയും വരികളും വിശകലനം ചെയ്ത് 'അതിമോഹം ആപത്ത്' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.